തയേന്ദ്ര: സ്മാസഹത് താപം നിർവൃതിർന്നാമുമാവിശത്
ഹ്രീമന്ത്രം വാച്യതാം പ്രാപ്തം സുഖയന്ത്യപി നോ ഗുണാ: **(6-13-11)**
പഠേയുരാഖ്യാനമിദം സാദാ ബുധാ: ശൃണ്വന്ത്യഥോപർവണി പർവണീന്ദ്രിയം
ധന്യം യശസ്യം നിഖിലാഘമോചനം രിപുഞ്ജയം സ്വസ്ത്യയനം തഥാ*ff*യുഷം **(6-13-23)**

ശുകമുനി തുടർന്നു: ഇന്ദ്രന് വാസ്തവത്തിൽ വൃത്രനെ കൊല്ലാൻ ഭയമായിരുന്നു. ദേവന്മാർ ആവശ്യപ്പെട്ടുവെങ്കിലും വൃത്രൻ ഒരു ബ്രാഹ്മണനായിരുന്നുവല്ലോ. നേരത്തെ തന്നെ ഒരു ബ്രഹ്മഹത്യാപാപം ചെയ്തുവെങ്കിലും ജലം, ഭൂമി, സ്ത്രീ, മരം എന്നിവ ചേർന്നു അതു പങ്കുവെച്ച് ഇന്ദ്രനെ പാപവിമോചിതനാക്കി. ഇന്ദ്രൻ, വൃത്രനെ വധിച്ചതിൻെറ പാപം എങ്ങിനെ ഇല്ലാതാക്കുമെന്ന ചിന്തയിലാണ്ടു.

മാമുനിമാർ ഇന്ദ്രനെ സമാധാനിപ്പിച്ചു. ഏതു പാപവും ക്ഷണനേരം കൊണ്ടില്ലാതാക്കുന്ന ഭഗവൽപ്രസാദലബ്ധതക്കായി അശ്വമേധയാഗം നടത്താൻ വേണ്ട എല്ലാ സന്നാഹങ്ങളും സഹായങ്ങളും അവർ ഇന്ദ്രന് വാഗ്ദാനം നൽകി. മാമുനിമാരുടെ വാക്കു കേട്ടിട്ടും ഇന്ദ്രൻെറ മനസ്സ് ശാന്തമായില്ല. എല്ലാ ദേവന്മാരും ഋഷികളും രാക്ഷസൻെറ മരണത്തിൽ സന്തുഷ്ടരായിരുന്നു എന്നതാണ് സത്യം.

കുറ്റബോധത്തിൽ ഇന്ദ്രൻ വലഞ്ഞു. ഇന്ദ്രനു മന:സുഖമില്ലാതായി, സ്വയം എരിതീയിലെന്നപോലെ നീറിക്കൊണ്ടിരുന്നു. മന:സ്സാക്ഷിക്കെതിരായി ഏതൊരുവൻ പാപം ചെയ്യുന്നുവോ അവനെ അവൻെറ സദ്ഗുണങ്ങൾ പോലും തുണക്കില്ല. ഇന്ദ്രൻ ഈ പാപത്തെ, തന്നെ പിന്തുടരുന്ന കുഷ്ഠരോഗബാധിതയായ ഒരു വൃത്തികെട്ട സ്ത്രീയായിക്കണ്ടു ഭയന്നു. അവളിൽനിന്നും രക്ഷ നേടാനായി മാനസസരോവരത്തിൽ ഒരു താമരത്തണ്ടിൽക്കയറി ഒളിച്ചിരുന്നു. അവിടെയിരുന്ന് നിരന്തരം ഭഗവൽധ്യാനത്തിൽ മുഴുകി, ഹൃദയം ഭഗവൽസ്മരണകൊണ്ടു നിറച്ചു.

വെറുമൊരു മർത്ത്യനായ നഹുഷനായിരുന്നു ഇന്ദ്രൻെറ അഭാവത്തിൽ ഭരണം നടത്തിയത്. ഇന്ദ്രൻെറ ഭാര്യയായ സചിയുടെ കോപത്തിനിരയായ നഹുഷന് മർത്ത്യലോകത്തിലേക്ക് തിരിച്ചു പോവേണ്ടിവന്നു. നഹുഷൻെറ പൊങ്ങച്ചം സചിക്ക് ഇഷ്ടമായില്ല എന്നതാണ് കാരണം. ഇന്ദ്രൻെറ തപസ്സും ധ്യാനവും കൊണ്ട് ഹൃദയം ശുദ്ധീകരിക്കപ്പെടുകയും മാമുനിമാരുടെ നിർബ്ബന്ധത്തിന് വഴങ്ങി അദ്ദേഹം ഇന്ദ്രപദവിയിൽ പുന:പ്രവേശിക്കുകയും ചെയ്തു. പിന്നീട് അവർ സുപ്രസിദ്ധമായ അശ്വമേധയാഗം കഴിച്ചു. സർവ്വപാപഹാരിയത്രേ ഈ യാഗം. അങ്ങിനെ ഇന്ദ്രൻ പാപവിമോചിതനായി.

ഈ സർവ്വപരിശുദ്ധിദായകമായ കഥയിൽ ഭക്തനായ വൃത്രനെ ഇന്ദ്രൻ ജയിച്ച ചരിത്രം പറയുന്നു. ഭഗവദ് മഹിമയുടെ വർണ്ണനകളത്രെ ഇതു മുഴുവൻ. അതുകൊണ്ടിത് ശുഭോദർക്കമായ എല്ലാ അവസരങ്ങളിലും പാടുകയും കേൾക്കുകയും വേണം. ഇതു കേൾക്കുന്നവർക്കും പറയുന്നവർക്കും ധനം, ആയുസ്, പ്രശസ്തി എന്നിവയുണ്ടായി പാപവാസനയിൽ നിന്ന് മോചനവും, ആന്തരീകവും ബാഹ്യവുമായ ശത്രുക്കളെ കീഴടക്കാനുള്ള കഴിവും ഉണ്ടാവുന്നു.